# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3698        14.03.2017 - ൽ മറുപടിക്ക്

## <u>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | കൊല്ലം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുളള ഒഴിവുകൾ എത്രയെന്നും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കാമോ; | എ) | കൊല്ലം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ആകെയുളള 2 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്കുളള പ്രൊമോഷൻ സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുളള op (kat) 31/2015, op (kat) 135/2015 എന്നീ കേസുകൾ തീർപ്പാക്കാൻ സർക്കാരിന്റെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; ആയത് വിശദമാക്കാമോ; | ബി) | ഇല്ല. |
| സി) | ബഹു. ഹൈക്കോടതിയുടെ op(kat) 33958/2016 തീയതി 9.6.2016 കേസിലെ ഇടക്കാല ഉത്തരവനുസരിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കിയിട്ടുളള സാഹചര്യത്തിൽ ആയതിൻപ്രകാരം ഇതിനകം പ്രസ്തുത പ്രൊമോഷനുകൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | സി) | ആരോഗ്യ വകുപ്പ് കാര്യാലയത്തിലെ ഉത്തരവ് നം.ഇ.എസ്സ്2-(സ്പെഷ്യൽ സെൽ) 69286/10/ആ.വ.ഡ തീയതി, 22.11.2016 പ്രകാരമുളള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൻമേൽ OP(KAT) 31/2015, 135/2015 എന്നീ കേസുകളിൽ ബഹു. ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നു. ഇത് ഒഴിവാക്കി കിട്ടുന്നതിന് നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. പ്രസ്തുത സീനിയോറിറ്റി തർക്ക വിഷയം ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാലാണ് പ്രൊമോഷൻ നടപടികൾ പൂർത്തിയാകാത്തത്. |

Milan

സെക്ഷൻ ഓഫീസർ